LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 25-7-2012-ലെ സ.ഉ (സാധാ) നമ്പർ 912/12/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 19.80 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.

(സി) ഉണ്ട്. മേൽപ്പറഞ്ഞ ഭരണാനുമതികൾ ഉൾപ്പെടുത്തിയ പ്രവൃത്തികൾ മൂന്ന് പാക്കേജുകളാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പാക്കേജ് 1- ഇൻ ടേക്ക് വെൽ, റോ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ.

പാക്കേജ് 2- ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, 24.40 ലക്ഷം, 5.50 ലക്ഷം, 5.20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്ക് നിർമ്മാണം.

പാക്കേജ് 3- 30 എം.എൽ.ഡി. സംഭരണശേഷിയുള്ള ശുദ്ധീകരണശാല.

വടകര-മാഹി കനാൽ

228 (2783) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) എത്ര തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കരാറുകാർക്ക് പാർട്ട് പേമെന്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം തുക ഇതുവരെ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കനാലിന്റെ നിർമ്മാണ പ്രവർത്തികൾ ഇതിനോടകം അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ ;

(ഇ) കനാലിന്റെ കുറുകെ എവിടെയൊക്കെയാണ് പാലങ്ങൾ നിർമ്മിക്കുന്നത് എന്നും ആയതിന് എത്ര തുക വകയിരുത്തിയെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17.61 കിലോമീറ്റർ ദൈർഘ്യമുള്ള വടകര-മാഹി കനാൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ചിരിക്കുന്നു. അവയുടെ പ്രവർത്തന പുരോഗതി താഴെ കൊടുത്തിരിക്കുന്നു :

(1) റീച്ച് 1 (450.080 മുതൽ 454.080 കി.മീ. വരെ) ആർ.ഐ.ഡി.എഫ്. നബാർഡ് XVII-ൽ ഉൾപ്പെടുത്തിയ പ്രവൃത്തി (18.06%) പൂർത്തിയായി. പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ പ്രത്യേകതമൂലം പൈലും സ്ലാബും ഉപയോഗിച്ചുള്ള തീരസംരക്ഷണം സാദ്ധ്യമല്ലാത്തതിനാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു.

(2) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്താൽ നടക്കുന്ന 2 മുതൽ 4 വരെ (3 റീച്ചുകൾ) 454.080 കി.മീ. മുതൽ 464.21 കി.മീ. വരെ ഏകദേശം 60% പണി ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(3) റീച്ച് 5- 464.21 കി.മീ. മുതൽ 467.69 കി.മീ. വരെ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറി ഇനിഷ്യൽ ലെവൽ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) 115.75 കോടി രൂപയുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(സി) പാർട്ട് പേയ്മെന്റ് നൽകിയിട്ടുണ്ട്. 25.13% തുക ഇതുവരെ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. മാർച്ച് 2015-ന് പൂർത്തിയാകും.

(ഇ) കല്ലേരി, പറമ്പിൽ, വെങ്ങോളി, കളിയാംവള്ളി, കോട്ടപ്പള്ളി, കന്നിനട പ്രസ്തുത പ്രവൃത്തികൾക്ക് 4.31 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം

229 (2784) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :